22 (22) **എൽ.ഡി.എഫ്. സർക്കാരിന്റെ വാർഷികാഘോഷങ്ങൾക്ക് ചെലവഴിച്ച തുക**

ശ്രീ. ടി.എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എൽ.ഡി.എഫ്. സർക്കാരിന്റെ വാർഷികാഘോഷങ്ങൾക്ക് വേണ്ടി ഇതുവരെ എന്തു തുക ചെലവഴിച്ചിട്ടുണ്ട്;

(ബി) ഒന്നും രണ്ടും മൂന്നും വാർഷികങ്ങൾക്ക് ചെലവഴിച്ച തുക വർഷം തിരിച്ച് വ്യക്തമാക്കുമോ;

(സി) വാർഷികാഘോഷങ്ങളുടെ ഭാഗമായി പി.ആർ.ഡി. ഏതെല്ലാം പ്രസിദ്ധീകരണങ്ങൾ പുറത്തിറക്കിയിട്ടുണ്ട്; ഇതിന്റെ മതിപ്പ് ചെലവ് എത്ര;

(ഡി) വാർഷികാഘോഷവുമായി ബന്ധപ്പെട്ട് പുറത്തിറക്കിയ 'കാലത്തിന്റെ കണ്ണാടി' എന്ന പുസ്തകം പ്രസിദ്ധീകരിച്ചതിന് എന്തു തുക ചെലവഴിച്ചിട്ടുണ്ട്; ഇതിൽ മുഖ്യമന്ത്രിയുടെ പ്രസംഗങ്ങൾ അല്ലാതെ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത് എന്നും ഇതിന്റെ എത്ര കോപ്പികൾ പ്രിന്റ് ചെയ്തിട്ടുണ്ട് എന്നും അറിയിക്കുമോ;

(ഇ) ഈ കോപ്പികൾ ആർക്കെല്ലാം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്;

(എഫ്) നിലവിലുള്ള എം.എൽ.എ.മാർക്ക് കോപ്പികൾ നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 68,65,097/- രൂപ (അറുപത്തിയെട്ടു ലക്ഷത്തി അറുപത്തിഅയ്യായിരത്തി തൊണ്ണൂറ്റി ഏഴ് രൂപ)

(ബി) ഒന്നാം വാർഷികം - 17,66,217 രൂപ (പതിനേഴു ലക്ഷത്തി അറുപത്തി ആറായിരത്തി ഇരുന്നൂറ്റി പതിനേഴ് രൂപ)

രണ്ടാം വാർഷികം - 30,62,069/- രൂപ (മുപ്പത് ലക്ഷത്തി അറുപത്തിരണ്ടായിരത്തി അറുപത്തി ഒമ്പത് രൂപ)

മൂന്നാം വാർഷികം - 20,36,811 രൂപ (ഇരുപത് ലക്ഷത്തി മുപ്പത്തി ആറായിരത്തി എണ്ണൂറ്റി പതിനൊന്ന് രൂപ)

(സി) പ്രസിദ്ധീകരണങ്ങളുടെ പേര് വിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്. മതിപ്പ് ചെലവ് കണക്കാക്കിയിട്ടില്ല.

(ഡി) 'കാലത്തിന്റെ കണ്ണാടി' വാർഷികാഘോഷങ്ങളുടെ ഭാഗമായി പുറത്തിറക്കിയതല്ല. അച്ചടി സംബന്ധിച്ച ബിൽ ലഭിച്ചിട്ടില്ല. മുഖ്യമന്ത്രിയുടെ പ്രസംഗങ്ങളല്ലാതെ അദ്ദേഹത്തിന്റെ ലേഖനങ്ങൾ, പ്രസ്താവനകൾ, കത്തുകൾ എന്നിവയും പുസ്തകത്തിനുള്ള ആമുഖവും പുസ്തകത്തെപ്പറ്റിയുള്ള പഠനവും ചിത്രങ്ങളും ചേർത്തിട്ടുണ്ട്. അയ്യായിരം കോപ്പികൾ അച്ചടിക്കുവാനാണ് നിർദ്ദേശം നൽകിയിട്ടുള്ളത്. മുഴുവൻ അച്ചടി കഴിഞ്ഞിട്ടില്ല.

(ഇ) ഗ്രന്ഥശാലാ സംഘം അംഗീകരിച്ചിട്ടുള്ള ലൈബ്രറികൾ അക്കാദമി ഗ്രന്ഥശാലകൾ കോളേജ് ലൈബ്രറികൾ, പബ്ലിക് ലൈബ്രറികൾ, നിയമ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

സഭാ സാമാജികർ, എം.പി.മാർ, ഇൻഫർമേഷൻ സെന്ററുകൾ, പ്രമുഖ വ്യക്തികൾ, പത്രങ്ങൾ എന്നിങ്ങനെ വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്.

(എഫ്)ഉദ്ദേശിക്കുന്നുണ്ട്.

23 (23) പൊതുമേഖലാ സ്ഥാപനതലവന്മാരുടെ വിദേശയാത്ര

ശ്രീ. വി. ബാലറാം :

ഡോ. എം.എ. കുട്ടപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളുടെ തലവൻമാരും മാനേജിംഗ് ഡയറക്ടർമാരും വിദേശയാത്ര നടത്തിയിട്ടുണ്ട്;

(ബി) ഈ വിദേശയാത്രയ്ക്കുവേണ്ടി ഓരോരുത്തരും ടി.എ. ഡി.എ. എന്റർടെയിൻമെന്റ് അലവൻസ് എന്നീയിനങ്ങളിൽ എന്തുതുകവീതം കൈപ്പറ്റിയിട്ടുണ്ട്;

(സി) ഈ വിദേശയാത്രകൾക്ക് ഓരോരുത്തർക്കും അനുവദിച്ച വിദേശനാണ്യം എത്രവീതമായിരുന്നു;

(ഡി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളുടെ പേരിലാണ് അവർ വിദേശയാത്ര നടത്തിയത്;

(ഇ) ഇതിന്റെ ഫലമായി സംസ്ഥാനത്തിന് എന്തെല്ലാം നേട്ടങ്ങൾ കൈവരിക്കുവാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)മുതൽ (ഇ)വരെ വിവരം ശേഖരിച്ചുവരുന്നു.

24 (24) നെടുമ്പാശ്ശേരി വിമാനത്താവളം

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :

ശ്രീ. പി.ജെ. ജോയി :

ശ്രീ കെ. മുഹമ്മദാലി :

ശ്രീ. കെ. ബാബു :

ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമ്പാശ്ശേരി അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നാണ് ആരംഭിച്ചത്;

(ബി) പ്രസ്തുത വിമാനത്താവളത്തിന്റെ നിർമ്മാണത്തിന് കമ്പനിയാണോ സൊസൈറ്റിയാണോ രൂപീകരിച്ചിട്ടുള്ളത്; ഇതിൽ സർക്കാരിന്റെ ഷെയർ എത്രയാണ്;

(സി) ഇത് രൂപീകരിച്ചപ്പോൾ ഇതിന്റെ ചെയർമാൻ ആരായിരുന്നു. പിന്നീട് ഇതിന്റെ ചെയർമാൻമാർ ആരൊക്കെയായിരുന്നു;

(ഡി) ഈ വിമാനത്താവളത്തിൽ നിന്നും എന്നുമുതൽ വിമാന സർവ്വീസ് നടത്താൻ കഴിയുമെന്ന് അറിയിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly